
ST.PETER'S JACOBITE SYRIAN ORTHODOX CHURCH
KINGDOM OF BAHRAIN
The Church Bulletin
July 2011



Our Patron Saint
ST. PETER

**Our Patriarch**
His Holiness Moron Mor Ignatius Zakka 1 Iwas

**Our Catholicos**
His Beatitude Baselios Thomas 1

**Our Patriarchal Vicar**
His Grace Pathros Mor Osthatheos

**Vicar**
Rev. Fr. Thomas Nediapalackal

**Editor**
Prageesh John Tharakan

**Type setting**
Raju P. Kurian

**Press**
Siam Printers

# Index

*വി.കുമ്പസാരം:-പുതുക്കത്തിന്റെ അനുഭവം*
(Message from vicar)

*വിശുദ്ധ കുർബ്ബാന*

*വി. ദേവാലയവും അവിടെ നിന്നുള്ള പ്രാർത്ഥനയും.*

Bible Quiz

Photo Gallery

Parish News

The Perfect Heart

*കാത്തുനിൽപ്പ്*

New Members

for circulation among church members only

Rev.Fr.Thomas Nediapalackal (Vicar)



# വി.കുമ്പസാരം:-പുതുക്കത്തിന്റെ അനുഭവം

വി.കുർബ്ബാന അനുഭവിക്കുന്നതിനു മുമ്പ് നിവർത്തിച്ചിരിക്കേണ്ട വെറുമൊരു അനുഷ്ഠാനമല്ല വി.കുമ്പസാരം. അതൊരു പുതുക്കത്തിന്റെ അനുഭവമാണ്. വി.മാമോദീസായിലൂടെ വിശുദ്ധി പ്രാപിച്ച വിശ്വാസി ദൈവ കല്പന ലംഘനത്താൽ ദൈവത്തിൽ നിന്ന് അശുദ്ധിയാൽ അന്യവൽക്കരിക്കപ്പെടുമ്പോൾ വിശുദ്ധീകരണം പ്രാപിച്ച് ദൈവസാമിപ്യം അനുഭവിക്കാനുള്ള ദൈവത്തിന്റെ കൃപാദാനമാകുന്നു. പാപഭാരമുള്ള വിശ്വാസി, അനുതപിച്ച് അവയെ ദൈവസന്നിധിയിൽ ഏററു പറയുന്നു. അതുകൊണ്ട് ഇത് അനുരജ്ഞനത്തിന്റെ കൂദാശയാണ്. മനുഷ്യനും ദൈവവും രമ്യതയിലാകുന്നു.അതുമൂലം മനുഷ്യനും മനുഷ്യനും നിരപ്പാകുന്നു. അതുമുഖാന്തിരം ദൈവരാജ്യത്തിന്റെ മൂല്യങ്ങളായ സന്തോഷവും സമാധാനവും വിശ്വാസി അനുഭവിക്കുന്നു.

യേശു ലോകത്തിൽ വന്നത് പാപമോചനത്തിനാണ്. രോഗികളെ സൗഖ്യമാക്കുന്ന സന്ദർഭങ്ങളിൽ യേശു അവരുടെ പാപങ്ങളെ മോചിക്കുന്നതായി സുവിശേഷങ്ങളിൽ കാണാം(മത്താ:9:2).ഈ മോചനാധികാരം യേശു തന്റെ ശിഷ്യന്മാർക്ക് നൽകുന്നുണ്ട് [മത്താ:16:18-19 (പത്രോസിന്, 18:18 (ശ്ലീഹേന്മാർക്ക്)]. ഈ പാപമോചനാധികാരം ഉയിർത്തെഴുന്നേല്പിനു ശേഷം വീണ്ടും ഉറപ്പിച്ചു പ്രസ്താവിക്കുന്നു- "നിങ്ങൾ പരിശുദ്ധാത്മാവിനെ കൈക്കൊൾവീൻ -ഒരുവന്റെ പാപം നിങ്ങൾ മോചിച്ചാൽ, അവന് അവ മോചിക്കപ്പെട്ടിരിക്കും. മോചിക്കാതിരുന്നാൽ അവ പിടിക്കപ്പെട്ടുമിരിക്കും". ഈ പാപമോചനാധികാരം കൈവെപ്പിലൂടെ (പട്ടംകൊട ശുശ്രൂഷയിലൂടെ) വി.സഭ പരമ്പരാഗതമായി കൈമാറി ഇന്നും നാം അനുഭവിക്കുന്നു. ഇത് കർത്താവിൽ നിന്നും നേരിട്ട് പ്രാപിച്ച നൽവരമായി വി. പൗലോസ് സ്ഥിതീകരിക്കുന്നു. (1തിമോ:2:1).

ആദിമസഭയിൽ ദൈവരാജ്യസുവിശേഷം വിശ്വസിച്ചവർ അപ്പോസ്തലരുടെ അടുത്തു വന്ന് പാപങ്ങളെ ഏററു പറയുന്നു (അപ്പോ.പ്ര:19:18). വി.യോഹന്നാൻ പറയുന്നു "നമ്മുടെ പാപങ്ങളെ ഏററു പറയുന്നു എങ്കിൽ അവൻ നമ്മുടെ പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ സ്വീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആക്കുന്നു. നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നുവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു"(1യോഹ:1:9,10). ഇത് മാമോദീസ ഏററു വിശ്വാസികളായി തീർന്നവരോടാണ് പറയുന്നത് എന്നത് ഏറെ ശ്രദ്ധേയമാണ്. അതുകൊണ്ട് കുമ്പസാരം നമ്മെത്തന്നെ നീതീകരിച്ച് പാപങ്ങൾ മറച്ചുവെയ്ക്കാനുള്ളതല്ല, പാപങ്ങൾ ഏററു പറയാനുള്ളതാണ്.

പരിശുദ്ധനും അദൃശ്യനുമായ ദൈവം കാലാകാലങ്ങളിൽ മനുഷ്യരുടെ മദ്ധ്യേ പ്രവർത്തിയ്ക്കുന്നത് പ്രതിപുരുഷരിലൂടെയാണ്. പഴയ നിയമ കാലത്ത്

മോശയിലൂടെയും മററു പ്രവാചകരിലൂടെയും പ്രവർത്തിച്ച ദൈവം പുതിയ നിയമ കാലത്ത് തന്റെ ശ്ലീഹേന്മാരിലൂടെയാണ്. മാനസാന്തരപ്പെട്ട വി. പൗലോസിന്റെ അടുക്കൽ അനന്യാസ് ദൈവത്തിന്റെ സ്ഥാനപതിയായി പ്രവർത്തിയ്ക്കുന്നു (2കൊരി:5:18–21). ഇന്ന് വിശുദ്ധ സഭ പട്ടത്വനൽവരത്തിലൂടെ അത് വിനിയോഗിക്കുന്നു.

മനുഷ്യജീവിതത്തിൽ ഇടയ്ക്കിടെ പുതുക്കത്തിന്റെ അനുഭവം ആവശ്യമാണ്. അതുകൊണ്ട് ജീവിതത്തിൽ ദുഃഖകരവും കൈയ്പേറിയതുമായ അനുഭവങ്ങൾ ഉണ്ടാകുമ്പോൾ മാത്രമല്ല സന്തോഷകരമായ അവസ്ഥയിലും കുമ്പസാരം ആവശ്യമാണ്. പരിശുദ്ധന്മാരുടെ സഹായത്തിലൂടെയുള്ള ജീവിത പരിശോധന, പാപദുഃഖം, ഏററുപറച്ചിൽ, പുതിയ തീരുമാനമെടുക്കലുമാണ് വി. കുമ്പസാരത്തിൽ നാം ചെയ്യുന്നത്. ഇത് മുഖാന്തിരം അദൃശ്യമായ കൃപദാനം ദൈവം നമ്മിൽ ചൊരിയുന്നു. അതിനാൽ ദൃശ്യമായ മാററങ്ങൾ നമ്മുടെ ദൈനംദിന ജീവിതത്തിലുണ്ടാകുന്നു.

പലതരത്തിലുള്ള ഏററു പറച്ചിൽ ബൈബിളിൽ നമുക്കു കാണാം. മിസ്രയിം രാജാവായ ഫറവോ, പീഡകൾ നിമിത്തം ഞെരുങ്ങിയപ്പോൾ ഏററു പറയുന്നുണ്ട്. ആഖാൻ കുററം സമ്മതിക്കാൻ നിർബന്ധിതനായപ്പോൾ തുറന്നു പറയുന്നു.യൂദാ നിരാശ നിമിത്തം പ്രത്യാശയില്ലാതെ കുററം സമ്മതിക്കുന്നു. എന്നാൽ മുടിയനായ പുത്രൻ സ്വയം ശോധനചെയ്ത് അനുതപിച്ച് ചെയ്യേണ്ടത് നിവൃത്തിച്ച് ഏററു പറയുന്നു, അനുഗ്രഹീതനാകുന്നു.

കുമ്പസാരത്തിന് ഏററവും അനിവാര്യമായത് ഹൃദയ തകർച്ചയാണ്, അനുതാപമാണ്. പാപഭാരം മൂലവും പാപംമൂലം ദൈവത്തിൽനിന്നും അകന്നുപോയതിൽ നിന്നുമുള്ള മാനസിക വ്യഥയുണ്ടാകുമ്പോളാണ് കുമ്പസാരം അർത്ഥവത്താകുന്നത്. ഇസ്രയേൽ ജനതയെ അനുതാപത്തിനായി ദൈവം വിളിക്കുമ്പോൾ ഹൃദയ തകർച്ച ആവശ്യപ്പെടുന്നുണ്ട് (യോവേൽ2:12,സങ്കീ:50:19). ‘‘ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്;തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമെ നീ നിരസിക്കുന്നില്ല’’ (സങ്കീ:51:17). കർത്താവു തന്നെ ഈ യഥാർത്ഥ്യം ഉപമകളിലൂടെ വിശദീകരിക്കുന്നുണ്ട്. മുടിയനായ പുത്രൻ, തന്റെ പ്രവർത്തികളുടെ ഫലങ്ങൾ വിചിന്തനം ചെയ്യുകയും ഹൃദയ തകർച്ചയോടെ പിതൃസവിധം തിരിച്ചെത്തി പിതാവെ... എന്നു വിളിക്കുന്നു (ലൂക്കോ:15:18–19) ചുങ്കക്കാരൻ വിനയത്തോടും താഴ്മയോടും നെഞ്ചത്തടിച്ചാണ് പാപമോചനമിരക്കുന്നത് (ലൂക്കോ18:13). പത്രോസ് തന്റെ ഗുരുവിനെ തള്ളിപറഞ്ഞതിൽ പശ്ചാത്തപിച്ച് കരയുന്നത് ഹൃദയസ്പർശിയാണ്.

ഈ ഹൃദയ തകർച്ച പാപത്തിന്റെ ഫലമായി ജീവിതത്തിലു

I ാകുന്ന പ്രശ്നങ്ങളെ പ്രതിയും രക്ഷയെ പ്രതിയുള്ള ഭീതിയും കാരണമല്ല ഉ I ാകേ I ത്. പിന്നെയോ, കൃപാലുവായ ദൈവത്തിന്റെ സന്നിധിയിൽ കൃതജ്ഞത പ്രദർശിപ്പിക്കാത്തതിലുള്ള വേദന, ദൈവത്തിൽ നിന്നും അകന്നുപോയതിലുള്ള ദുഃഖം – ഇവയാണ് അഭിലഷണീയം! ഇത് പുത്രത്വത്തിന്റേതാണ്, സ്നേഹത്തിന്റേതാണ്.

കുമ്പസാരത്തിലൂടെ പുതുക്കത്തിന്റെ അനുഭവത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. സ്വർഗ്ഗം സന്തോഷിക്കുന്നു; മാനുഷിക ബന്ധങ്ങൾ യഥാസ്ഥിതിയിലാകുന്നു. കുടുംബബന്ധങ്ങൾ ദൃഢീകരിക്കുന്നു. അതായത്, പാപമോചനം ഉടൻതന്നെ പ്രാപിക്കുന്നതുമൂലം ദൈവത്തോട് നിരപ്പാകുന്നു. അതുമുഖാന്തിരം ദൈവീക ഗുണങ്ങൾ നമ്മിൽ വർദ്ധിക്കുന്നതിനാൽ മനുഷ്യനോട് നിരപ്പാകാൻ സാധിക്കുന്നു. അങ്ങിനെ ദൈവരാജ്യമൂല്യങ്ങളായ നീതിയും സന്തോഷവും സമാധാനവും വർദ്ധിക്കുന്നു.

കുമ്പസാരത്തിനു പകരം ഹൂസ്സോയോ മാത്രം മതി എന്നു ചിലർ കരുതുന്നത് ശരിയായ പ്രവണതയല്ല. മനസ്സിൽ വേദനിപ്പിക്കുന്ന, കുററപ്പെടുത്തുന്നതെന്തെങ്കിലും ഉ I ങ്കിൽ അത് ഏററു പറയണം. അനുദിനം ദൈവസന്നിധിയിൽ കുററബോധത്തോടെ, അനുതാപത്തോടെ ജീവിക്കുന്ന ആളുകൾക്ക് കുർബ്ബാനാനുഭവം തുടർച്ചയായി നിർവ്വഹിക്കുന്നതിനായിട്ട് ഹൂസ്സോയോ സ്വീകരണത്താൽ ദൈവം അവസരം ഒരുക്കുന്നുവെന്നുമാത്രം. ക്രിസ്തീയ ജീവിതത്തിൽ കുമ്പസാരത്തിനുള്ള ഒരു സബ്സ്റ്റിററ്യൂട്ടല്ല ഹൂസ്സോയോ സ്വീകരണം എന്നത് തിരിച്ചറിയേ I താണ്.

അതുകൊ I ˘ നമ്മുടെ കുമ്പസാരത്തിൽ പ്രശ്നങ്ങൾ, ഭാരങ്ങൾ, നമ്മെ വേദനിപ്പിക്കുന്ന കുററാനുസ്മരണകൾ ദൈവസന്നിധിയിൽ ഇറക്കിവെച്ച് ഉപേക്ഷിച്ച്, ദൈവം തമ്പുരാൻ മോചനം നൽകി കഴിഞ്ഞാൽ ജീവിതത്തിനു പുതിയ ആരംഭമാണ്. അതുകൊ I ˘ കുമ്പസാരം പുതിയ തുടക്കത്തിന്റെ കൂദാശയാണ്. അതുകൊ I ˘ കുമ്പസാരത്തിന്റെ അനുഭവമുള്ള പാരമ്പര്യത്തിൽ മന:ശാസ്ത്രജ്ഞന്മാരെ സമീപിക്കുകയോ മാനസ്സിക പ്രശ്നങ്ങളുടെ ബാക്കിപത്രം അന്വേഷിക്കുകയോ ചെയ്യേ I തായി അധികം വരുന്നില്ല എന്നത് ഒരു സത്യമാണ്. ഇക്കാരണത്താലായിരിക്കാം മതവിരോധിയായ വോൾട്ടയർ പോലും പറയുന്നത്– "പാപം ഏററു പറയുന്നതിനേക്കാൾ പ്രയോജനകരമായ മറെറാരു സ്ഥാപനവുമില്ല" എന്ന്.

***ക്രിസ്തുവിൽ നിങ്ങളുടെ ശുശ്രൂഷയിൽ...***

**- ഫാ.തോമസ് നെടിയപാലയ്ക്കൽ**



Biju Thelappilly

# "വിശുദ്ധ കുർബ്ബാന" (തുടർച്ച)

**'ജീവന്റെ മന്നാ ആകുന്ന ക്രിസ്തുവിനെ ഭക്ഷിയ്ക്കുക"**

*സൃഷ്ടി സൃഷ്ടാവിനോട് അടുക്കുന്നു..*

കർത്താവരുളി ചെയ്തു ഞാൻ ജീ–വന്റെയപ്പം
ലോകത്തെ പോഷിപ്പിപ്പാൻ മേലിന്നും വന്നു.
താതനയച്ചു – വചനാമാമെന്ന
കർഷകനെപ്പോൽ –ഗബ്രിയേൽ വിതച്ചു
നല്ലനിലം തൂല്യം മറിയാം – കൈയ്ക്കൊ | ാളുദരേ
ദൂതസമാനം ത്രോണോസിൽ – പട്ടക്കാർ കൈയ്യിൽ,
ഹാലേലുയ്യാ – ഘോഷിച്ചീടുന്നു.

വി.യോഹന്നാ–ന്റെ സുവിശേഷം 6:51 മുതൽ ഉള്ള വാക്യങ്ങൾ മുമ്പ് സൂചിപ്പിച്ച വി.കുർബ്ബാന ഗീതത്തിലെ അർത്ഥവ്യാപ്തി മനസ്സിലാക്കി തരുന്നു. സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു; ഈ അപ്പം തിന്നുന്നവൻ എല്ലാം എന്നേക്കും ജീവിക്കും------കർഷകനെ പോൽ ഗബ്രിയേൽ വിതച്ചു. നല്ല നിലം പോലെ പരിശുദ്ധ മറിയം തന്റെ ഉദരത്തിൽ മ്ശീഹായെ കൈക്കൊ | ു. ദൂതന്മാരെപ്പോലെ വിശുദ്ധ ത്രോണോസിന്മേൽ കാർമികന്മാരുടെ കൈയ്യിൽ (പട്ടക്കാർ,മേൽപട്ടക്കാർ) എടുത്ത് ആഘോഷിക്കുന്നു. റോമാലേഖനം 12:1–ൽ നി ങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുവിൻ, എന്ന് നാം വായിക്കുന്നു.

വിശുദ്ധ കുർബ്ബാനയിൽ പ്രധാന കാർമികൻ യേശുമ്ശീഹായാണ്. (എഫേസ്യർ 5:23) ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്ക് തലയാകുന്നു. ബ ലികഴിക്കപ്പെടുന്ന സ്ഥലം എന്നർത്ഥമുള്ള വിശുദ്ധ മദ്ബഹ സ്വർഗ്ഗത്തിന്റെ പ്ര തീകമാണ്. കാർമികരായ (പട്ടക്കാർ,മേൽപട്ടക്കാർ) കർത്താവിനേയും ശുശ്രൂഷകർ മാലാഖമാരേയും സിംഹാസനം എന്ന അർത്ഥം വരുന്ന ത്രോണോസിൻമേൽ കത്തിജ്വലിക്കുന്ന മെഴുകുതിരികൾ വിശുദ്ധന്മാരേയും സൂചിപ്പിക്കുന്നു.

ജീവനുള്ളവരും, മരിച്ചവരും,സ്വർഗ്ഗീയരും ഒരുമിച്ച് കൂടുന്ന അഥവാ സ്വർഗ്ഗവും ഭൂമിയും ഒന്നിച്ച് സമ്മേളിക്കുന്ന ഒരു രംഗമാണ് – വിശുദ്ധ കുർബ്ബാന. ജീവനോടെ ഇരിക്കുന്നവർ വിശുദ്ധ ആരാധനയ്ക്കായി കൂടുമ്പോൾ അവരോട് ചേർന്ന് വിശുദ്ധ ദേവാലയത്തിൽ അദൃശ്യരായ വാങ്ങിപ്പോയ ആത്മാക്കളും ദൈവത്തെ സ്തു തിയ്ക്കുവാൻ സ്വർഗ്ഗത്തിലെ മാലാഖമാരോട് ചേർന്ന് നിൽക്കുന്ന സിംപോളിക് ആരാധന യാണ് നമ്മുടേത്.

യേശുക്രിസ്തുവിന്റെ ക്രൂശിലെ മരണം ഒരു ബലിയായിരുന്നു. നിന്റെ പുരോഹിതനായ മൽക്കിസെദേക്കിന്റേയും, നിന്റെ സ്നേഹിതനായ അബ്രാഹാമിന്റെയും കാഴ്ചകൾ പോലെ, മോശയുടെയും അഹറോന്റെയും ബലിപോലെയും എന്ന് വി. കുർബ്ബാനയിൽ കാർമികർ ചൊല്ലുന്നു. എബ്രായ ലേഖനത്തിൽ വരുവാനുള്ള നന്മകളുടെ മഹാ പുരോഹിതനായി ക്രിസ്തു വന്നു എന്ന് പറയുന്നത് എന്റെ പിതാവ് എന്നെ മഹാപു രോഹിതനായി ഭൂമിയിലേക്ക് അയച്ചതുപോലെ ക്രിസ്തുവും മഹാപുരോഹിതരായി അപ്പസ്തോലന്മാരെ അയക്കുന്നു എന്നാകുന്നു..........

(തുടരും...)



Merin Mary

*"Give of your hands - to Serve - and your hearts to Love."*

*- Mother Theresa*

In the beginning, Jesus tells a list of the blessed. By worldly standards, people who are wealthy, beautiful, educated and capable are considered blessed. Our savior's view is quite different. The poor in spirit, those who mourn, the Meek, those who hunger and thirst for righteousness, the merciful, the pure in heart, the peacemakers and those who are persecuted because of righteousness are blessed according to him. Great personalities like Abraham Lincoln, Tolstoy, Martin Luther King, Swami Vivekananda, Mother Teresa, Mahatma Gandhi etc….. absorbed the greatness of these teachings and showed its goodness in their own lives.

Article



Blessy Prageesh

## വി. ദേവാലയവും അവിടെ നിന്നുള്ള പ്രാർത്ഥനയും...

ദേവാലയത്തിൽ പോകുന്നതിനെയും അവിടെപോയി പ്രാർത്ഥിക്കുന്നതിനെയും വിമർശനബുദ്ധിയോടെ കാണുന്ന ഒരു വലിയ ജനസമൂഹം തന്നെയുള്ള ഒരു കാലഘട്ടത്തിലാണ് നാമും ജീവിക്കുന്നത്. 2Chronicles 6–ാം അദ്ധ്യായത്തിൽ പുതിയ ദേവാലയം പണിതതിനുശേഷം ശലോമോൻ ദൈവത്തോടു സംസാരിക്കുന്ന ഭാഗമുണ്ട്. 2 ദിന:മുഴുവൻ തന്നെ ഒന്നു മനസ്സിരുത്തി വായിച്ചാൽ അതിനുള്ള പ്രാധാന്യം നമുക്കു മനസ്സിലാകും. യരുശലേം ദേവാലയം പണിയിപ്പിക്കുവാൻ ദൈവം തന്നെ എന്തുമാത്രം കണക്കുകൂട്ടലുകൾ നടത്തിയിട്ടുണ്ടാകും എന്നു തന്നെ നാം വിചാരിച്ചുപോകും. അത്രമാത്രം ദൈവം അതിൽ ഇടപെടുന്നുണ്ട്. 1 ദിനവൃത്താന്തം 21, 22 അദ്ധ്യായങ്ങളിൽ ഇതിന്റെ പ്രാരംഭ നടപടി കാണാം.

"യിസ്രയേൽ ജനത്തെ എണ്ണി" എന്ന തെററിനാൽ ദൈവം ദാവീദിനും യിസ്രായേലിനും നേരെ നാശദൂതനെ അയച്ച് നശിപ്പിക്കാൻ ശ്രമിച്ചു. പിന്നീട് ദാവീദിന്റെ ദൂതനായ 'ഗാദ്' വഴി 'ഒർന്നാൻ' എന്ന യെബൂസ്യന്റെ കളത്തിൽ യഹോവയ്ക്ക് ഒരു യാഗപീഠം പണിയേണമെന്ന് പറയിപ്പിച്ചു. ആ സ്ഥലത്തോടൊപ്പം 'ഒർന്നാൻ' വിറകിനു മെതിവണ്ടികളും, കാളകളും, ഭോജനയാഗത്തിനു കോതമ്പുമൊക്കെ ചേർത്ത് വിലവാങ്ങാതെ കൊടുക്കാൻ തയ്യാറായി. എന്നാൽ 'ബാധ' ജനത്തെ വിട്ടുമാറേണ്ടതിനു മുഴുവിലയ്ക്ക് 600 ശേക്കൽ പൊന്നു കൊടുത്തു ദാവീദ് വാങ്ങുന്നു. അവിടെ യഹോവയ്ക്ക് ഒരു യാഗപീഠം പണിതു. അവടെ യഹോവ ആകാശത്തുനിന്നു ഹോമപീഠത്തിന്മേൽ തീ ഇറക്കി അവനു ഉത്തരം അരുളി. അതിനുശേഷം ദാവീദ് യഹോവയ്ക്കായി ആലയം പണിയാൻ വട്ടംകൂട്ടി.

എന്നാൽ ദാവീദിന്റെ രക്തച്ചൊരിച്ചിലുകൾ കണക്കിട്ട് ദേവാലയം പണിയുവാനുള്ള അധികാരം ദൈവം അവനു കൊടുത്തില്ല. (1chronicles 22) ദാവീദിന്റെ മകൻ ശലോമോൻ തന്റെ അപ്പൻ ചേർത്തു വച്ചതെല്ലാം കൊണ്ട് ദേവാലയം പണിതു. അതിനുശേഷം ശലോമോൻ ദൈവത്തോട് സംസാരിക്കുന്ന ഭാഗം 2ദിന:6–ാം അദ്ധ്യായത്തിൽ കാണുന്നു. 12 മുതലുള്ള വാക്യങ്ങളിൽ സ്വർഗ്ഗത്തിലും സ്വർഗ്ഗാധിസ്വർഗ്ഗത്തിലും അടങ്ങാത്ത ദൈവം, ഞാൻ പണിതിരിക്കുന്ന ആലയത്തിൽഅടുങ്ങുന്നതെങ്ങനെ? (18–ാം വാക്യം). അടിയൻ ഈ സ്ഥലത്തുവച്ചുകഴിക്കുന്ന പ്രാർത്ഥന ശ്രദ്ധിക്കേണ്ടതിനു രാവും പകലും തൃക്കണ്‍ പാർക്കണമേ. നിന്റെ വാസസ്ഥലമായ സ്വർഗ്ഗത്തിൽനിന്നു കേൾക്കേണമേ, കേട്ടു ക്ഷമിക്കേണമേ (21–ാം വാക്യം). പിന്നീട് എങ്ങനെ കേട്ടു ക്ഷമിക്കേണമെന്നും ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറയുന്നു. രാജകീയ അധികാരപ്രാപനത്തിനു ശേഷം ദൈവത്തോടു ചോദിക്കുന്ന ഒരേ ഒരു കാര്യം ജ്ഞാന

Article

മാണ്, സമ്പത്തോ ശക്തിയോ അല്ല.

"ദൈവത്തോടു പാപം ചെയ്തിട്ട് അതിനായി പശ്ചാത്തപിച്ചാൽ, മഴപെയ്യാതിരുന്നാൽ, സകലവ്യാധികൾക്കും, ക്ഷാമത്തിനും, രോഗത്തിനും, ദുഃഖത്തിനും പരിഹാരം ഈ ആലയത്തിലെ പ്രാർത്ഥനമൂലം പരിഹാരം കൊടുക്കണമേയെന്നു ശലോമോൻ കൂട്ടിച്ചേർക്കുന്നു (26-33 വാക്യം). അന്യജാതിക്കാരന്റെ പ്രാർത്ഥനക്കും മറുപടി കൊടുക്കണമേയെന്നു ശലോമോൻ പ്രാർത്ഥിക്കുന്നു. പല അവസ്ഥകളിലുള്ള പ്രാർത്ഥന ഈ അദ്ധ്യായത്തിന്റെ അവസാനഭാഗത്തു വിവരിക്കുന്നു.

ഈ പ്രാർത്ഥന നടക്കുന്ന സമയം മുഴുവൻ ജനം "അവൻ നല്ലവനല്ലോ ദയ എന്നുമുള്ളതു" എന്നു ഏകസ്വരമായി ഉച്ചത്തിൽ കേൾക്കുമാറ് വാഴ്ത്തി സ്തുതിച്ചുകൊണ്ടിരുന്നു(5:13). പ്രാർത്ഥിച്ചുകഴിഞ്ഞപ്പോൾ ആകാശത്തു നിന്നു തീ ഇറങ്ങി ഹോമയാഗവും ഹനനയാഗവും ദഹിപ്പിച്ചു.'തീ' പരിശുദ്ധാത്മാവിനെ പ്രതിനിധീകരിക്കുന്നു. അതിനുശേഷം യഹോവ രാത്രിയിൽ ശലോമോനു പ്രത്യക്ഷനായി. 7:12.ശലോമോൻ മുമ്പ് സമർപ്പിച്ചു ചോദിച്ചതിനെല്ലാം ഉത്തരം നൽകി. "നിന്റെ പ്രാർത്ഥന കേട്ടു" എന്നു തുടങ്ങുന്ന ദൈവം ഈ സ്ഥലത്തു കഴിക്കുന്ന പ്രാർത്ഥനയ്ക്ക് എന്റെ കണ്ണു തുറന്നിരിക്കുകയും എന്റെ ചെവി ശ്രദ്ധിച്ചിരിക്കുകയും ചെയ്യും എന്നും, എന്റെ ഹൃദയം എല്ലായ്പ്പോഴും ഇവിടെ (ദേവാലയത്തിൽ) ഇരിക്കും എന്നും പറഞ്ഞു അവസാനിപ്പിക്കുന്നു. പിന്നെ അവന്റെ രാജാസനത്തെക്കുറിച്ചും പറയുന്നു. അതിനുശേഷം ആരെങ്കിലും അന്യദൈവത്തെ സേവിച്ചാൽ എന്റെ ദേശത്തുനിന്നും അവരെ മായിച്ചുകളയും, ഞാൻ വിശുദ്ധീകരിച്ച ആലയത്തേയും സകല ജാതികളുടേയും ഇടയിൽ പഴഞ്ചൊല്ലും പരിഹാസവും ആക്കിത്തീർക്കും എന്നുംകൂടി അരുളിചെയ്തു. (7:19-22).

ദേവാലയത്തിൽ കഴിച്ച പ്രാർത്ഥനക്കു ദൈവം മറുപടി കൊടുക്കുന്നതായി വേദപുസ്തകത്തിൽ പലയിടത്തും പ്രതിപാദിച്ചിട്ടുണ്ടെങ്കിലും ആദ്യ ദേവാലയം എന്ന രീതിയിൽ യരുശലേം ദേവാലയത്തിനുവേണ്ടി ശലോമോൻ നടത്തിയ പ്രാർത്ഥന വളരെ പ്രാധാന്യം അർഹിക്കുന്നു. സർവ്വവ്യാപിയും സർവ്വജ്ഞാനിയുമായ സർവ്വശക്തനായ ദൈവം എവിടെയിരുന്നുള്ള പ്രാർത്ഥനയും ചെവികൊള്ളും എന്നതിൽ തർക്കമില്ല. എന്നാൽ ആ ദൈവം തന്നെ അരുളിച്ചെയ്തിരിക്കുന്നു, ദൈവാലയത്തിൽ കഴിക്കുന്ന പ്രാർത്ഥനയ്ക്ക് എന്റെ കണ്ണ് തുറന്നിരിക്കയും എന്റെ ചെവി ശ്രദ്ധിച്ചിരിക്കയും ചെയ്യും എന്നും കൂടാതെ, ആ ദൈവത്തിന്റെ ഹൃദയം എപ്പോഴും ദൈവാലയത്തിൽ ഇരിക്കുമെന്നും. അതിനാൽ ദൈവാലയത്തെ വിശുദ്ധിയോടെ തന്നെ കാണേണ്ടതാണ്. അവിടെ കഴിക്കുന്ന പ്രാർത്ഥന കേട്ടുത്തരമരുളും എന്നതിൽ ഒരു സംശയവും വേണ്ട.



Usha Achenkunju

## ക്വിസ്സ് നമ്പർ : 6 Mark. 1-16

1. ഏതു ദേശത്തെ കുരുടനാണ് മനുഷ്യർ നടക്കുന്നത് മരങ്ങൾപോലെ കണ്ടത്?
2. യേശു ഉയർത്തെഴുന്നേററശേഷം ആദ്യം പ്രത്യക്ഷനായത് ആർക്ക്?
3. യേശു ഏതു ദേശത്തുവച്ചാണ് പക്ഷവാതക്കാരനെ സൗഖ്യമാക്കിയത്?
4. കുറേനക്കാരനായ ശീമോന്റെ പുത്രൻമാരുടെ പേരെന്ത്?
5 സാത്താനാൽ പരീക്ഷിക്കപ്പെട്ട് യേശു മരുഭൂമിയിൽ 40 ദിവസം ആയിരുന്നപ്പോൾ യേശുവിനെ ശുശ്രൂഷിച്ചതാര്?
6. "തലീഥ കൂമി" എന്നു പറഞ്ഞ് യേശു ആരെയാണ് സൗഖ്യമാക്കിയത്?
7. രണ്ട് കള്ളൻമാരെ ഒരുത്തനെ വലത്തും ഒരുത്തനെ ഇടത്തുമായി അവനോടുകൂടെ ക്രൂശിച്ചപ്പോൾ ഏതു തിരുവെഴുത്താണ് നിവൃത്തിയായത്?
8. ബർത്തമായി എന്ന കുരുടന്റെ പിതാവാര്?
9. "ബൊവനേർഗ്ഗെസ്" എന്നു അറിയപ്പെടുന്നത് ആരെല്ലാം?
10. എവിടെയാണ് ലെഗ്യോൻ എന്ന അശുദ്ധാത്മാവ് ഉണ്ടായിരുന്ന വ്യക്തിയുടെ വീട്?
11. "എഫഥാ" എന്നു പറഞ്ഞ് ആരെയാണ് യേശു സൗഖ്യമാക്കിയത്?
12. ആരെ സൗഖ്യമാക്കിയ ഉടനെയാണ് പരീശൻമാർ പുറപ്പെട്ട് യേശുവിനെ നശിപ്പിക്കേണ്ടതിനു ഹെരോദ്യരുമായി ആലോചന കഴിച്ചത്?
13. "മനസ്സുള്ളതെന്തെങ്കിലും എന്നോട് ചോദിച്ചുകൊൾക നിനക്കു തരാം" ആര് ആരോട് പറഞ്ഞു?
14. ആരാണ് യേശുവിനെ ബുദ്ധിഭ്രമം ഉണ്ടെന്ന് പറഞ്ഞ് അവനെ പിടിക്കുവാൻ വന്നത്?
15. കൊർബ്ബാൻ എന്ന വാക്കിന്റെ അർത്ഥം എന്ത്?

## Quis No:5 Mathew (15-28)

1. ഒരു വൈദീകൻ or ന്യായശാസ്ത്രി (22:35,36)
2. അരിമത്യക്കാരനായ യോസേഫ്(27:57)
3. പത്രോസ്(17:27)
4. a.മന്ദിരത്തിന്റെ തിരശീല മേൽതൊട്ട് അടിയോളം രണ്ടായി കീറി.
   b. ഭൂമി കുലുങ്ങി.
   c. പാറകൾ പിളർന്നു.
   d.കല്ലറകൾ തുറന്നു.
   e.നിദ്ര പ്രാപിച്ച വിശുദ്ധൻമാരുടെ ശരീരങ്ങൾ പലതും ഉയർത്തെഴുന്നേററു(27:51,53)
5. നിന്റെ ശിഷ്യൻമാർ പുരുഷൻമാരുടെ സമ്പ്രദായം ലംഘിക്കുന്നത് എന്ത്?അവർ ഭക്ഷിക്കുമ്പോൾ കൈ കഴുകുന്നില്ലല്ലോ എന്നു പറഞ്ഞപ്പോൾ
6. സെബദി പുത്രൻമാരുടെ അമ്മ (20:21)
7. ബെരെഖ്യാവ്(23:35)
8. ബേത്ത്ഫഗ(21:1)
9. സൽഗുണപൂർണ്ണൻ ആകുവാൻ ഇച്ഛരിക്കുന്നു എങ്കിൽ നീ ചെന്നു നിനക്കുള്ളതു വിററു ദരിദ്രർക്കു കൊടുക്ക(19:21)
10. ഫിലിപ്പിന്റെ കൈസര്യ്യയുടെ പ്രദേശത്ത്(16:16)
11. റബ്ബീ വന്ദനം എന്നു പറഞ്ഞ് യേശുവിനെ ചുംബിച്ചു(26:49)
12. ഒലിവ് മല (24:3)
13. സ്വർഗ്ഗരാജ്യം(18:23)
14. ദുഃശ്ചിന്ത, കുലപാതകം, വ്യഭിചാരം, പരസംഗം. മോഷണം,കള്ളസാക്ഷ്യം, ദൂഷണം (15:19)
15. പരിമള തൈലം ഒഴിച്ച സ്ത്രീയുടെ (26:13)

Bible Quiz

# *Bible Quiz Winners (March)*

1. Eby Biju
2. Aleyamma Thomas
3. Anitha Varghese
4. Anju Paulose
5. Annie Surya George
6. Beena Mathew
7. Bindu Sunil
8. Binumon Jacob
9. Bisy Aby
10. Blessy Prageesh
11. Cristy Mariam Reji
12. Jean Sara Ajith
13. Jeeba Shaj
14. Jessy Biju
15. Jibi Mathew
16. Jismol P. Jayan
17. Joji Susan Mani
18. Lali C.Joshua
19. Lissy Sunil
20. Mercy Abraham
21. Preethi Gijo
22. Sheela Manoj
23. Shelby Jacob
24. Shaiby Baby
25. Ziby Benny
26. Simi Alias
27. Sindu Joji
28. Sini Saji
29. Sinimol Jijo

***Congratulations...***

## For Favours Received



Princy Varghese

# Charity Auction 2011..... Photos Gallery
















## ഇടവക പെരുന്നാളിൽ നിന്ന്...













# V. B. S 2011.....































The VBS Classes of our Sunday School was conducted from 1st July to 8th July 2011. This was the 13th successive year of VBS Classes, which started since 1998. The theme of this year's VBS was 'Walk in my ways" (1 Kings 3:14). The classes were conducted from 6.30pm to 9.00pm everyday, except on Sunday, 3rd July. More than 150 children from our Sunday School and sister church sunday schools attended the VBS Classes. English and Malayalam music classes, devotional messages, love feast etc. were added attractions for the VBS students. The VBS finale on Friday, 8th July started with a rally by children, teachers and parents. The meeting was presided by the Vicar Fr. Thomas Nediyapalackal and the Guest of Honour was Rev. Renji Varghese, Senior Vicar of Marthoma Parish. The children presented action songs and various songs they learned in the VBS Music Classes.

## ഇടവക പെരുന്നാളിൽ നിന്ന്...





Decoration Team...




# Eye Awareness Day 2011.....

Photos Gallery

Youth Association













An Eye-awareness programme has been organised and conducted by our Youth Association in Abdulla Aldarazi Camp in association with Ibn Rushid_clinics2.More than 200 people participated in the campaign that made it as a succesful event. Dr. Hassan H. Al Arrayed Clinc Director, Mr. Mansoor Al Darazi Director of the Abdulla Aldarazi Co. attended the programme. Rev. Fr. Thomas Nediapalakkal presided the meeting. The Youth Asso. alongwith the Managing committee members played a vital role in the event. Congratulations and all good wishes to the Youth Association team who made this venture a grand success.

**ആഗസ്റ്റ് 1 (തിങ്കൾ) : ശൂനോയോ നോമ്പ് ആരംഭം**

**ആഗസ്റ്റ് 6 (ശനി) : കൂടാരപ്പെരുന്നാൾ വൈകുന്നേരം 7:30ന് വി. കുർബാന**

## അനുശോചനം

നമ്മുടെ മെമ്പറായ ശ്രീ. ചാക്കോ. പി. ഐയുടെ മാതാവ് കർത്താവിൽ നിദ്ര പ്രാപിച്ചു.

പരേതാത്മാവിന്റെ നിത്യശാന്തിക്കായി പ്രാത്ഥിക്കുന്നതോടൊപ്പം സന്തപ്ത കുടുംബാംഗങ്ങളെ ഇടവകയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.




## New Life

Wedding bells rang for Liji C. Jerson **(D/o Mr: Jerson Chittilappilly ).**

St. Peters Church Bahrain wishes *Liji* and *Hivy* a long prosperous happy married life.

# ***The Perfect Heart***

One day a young man was standing in the middle of the town proclaiming that he had the most beautiful heart in the whole valley. A large crowd gathered and they all admired his heart for it was perfect. There was not a mark or a flaw in it. Yes, they all agreed it truly was the most beautiful heart they had ever seen. The young man was very proud and boasted more loudly about his beautiful heart.

Suddenly, and an old man appeared at the front of the crowd and said, "Why your heart is not nearly as beautiful as mine. "The crowd and the young man looked at the old man's heart. It was beating strongly, but full of scars, it had places where pieces had been removed and other pieces put in, but they didn't fit quite right and there were several jagged edges. In fact, in some places there were deep gouges where whole pieces were missing. The people stared—how can he say his heart is more beautiful, they thought?


The young man looked at the old man's heart and saw its state and laughed. "You must be joking," he said. "Compare your heart with mine, mine is perfect and yours is a mess of scars and tears". Yes, said the old man, "yours is perfect looking but I would never trade with you. You see, every scar represents a person to whom I have given my love- I tear out a piece of my heart and give it to them, and often they give me a piece of their heart which fits in to the empty place in my heart, but because the pieces aren't exact, I have some rough edges, which I cherish, because they remind me of the love we shared.

Sometimes I have given pieces of my heart away, and the other person hasn't returned a piece of his heart to me. These are the empty gouges—giving love is taking a chance. Although these gouges are painful, they stay open, reminding me of the love I have for these people too, and I hope someday they may return and fill the space I have waiting. So

now do you see what true beauty is?"

The young man stood silently with tears running down his cheeks. He walked up to the old man, reached in to his perfect young and beautiful heart, and ripped a piece out. He offered it to the old man with trembling hand. The old man took his offering, placed it in his heart and then took a piece from his old scarred heart and placed it in the wound in the young man's heart. It fit, but not perfectly, as there were some jagged edges. The young man looked at his heart, not perfect anymore but more beautiful than ever, since love from the old man's heart flowed in to his. They embraced and walked away side by side.

Please let everyone know each day how much they mean to you, as they may be gone tomorrow.



## സമ്മർ വെക്കേഷൻ ക്ലാസ്സ്

ഈ വർഷത്തെ സമ്മർ വെക്കേഷൻ ക്ലാസ്സ് ജൂലായ് മാസം 16-ാം തീയതി ശനിയാഴ്ച്ച മുതൽ ആഗസ്റ്റ് 16 തീയതി ചൊവ്വാഴ്ച്ച വരെ നടത്തപ്പെടുന്നു, ഏവർക്കും ഈ സമ്മർ വെക്കേഷൻ ക്ലാസ്സിലേക്ക് സ്വാഗതം...

യൂത്ത് അസോസ്സിയേഷന്റെ അഭിമുഖ്യത്തിലുള്ള 24 മണിക്കൂർ ചെയിൻ പ്രയർ എല്ലാ മാസവും 3-ാമത്തെ ചൊവ്വാഴ്ച്ച 7:30-ന് സന്ധ്യാപ്രാർത്ഥനയോടുകൂടി ആരംഭിച്ച് ബുധനാഴ്ച്ച വൈകുന്നേരം സന്ധ്യാപ്രാർത്ഥനയോടുകൂടി അവസാനിക്കുന്നതാണ്.

Merlin Alex



Article

# കാത്തുനിൽപ്പ്

ഇരുളിൽ അകപ്പെട്ട മർത്ത്യാ, നിനക്ക്
പുനർജന്മമേകുവാൻ കാത്തുനിൽപൂ
പാപകലുഷമാം ഭുവിൽ ജനിച്ചനിൻ
രക്ഷയ്ക്കായ് താതൻ കാത്തുനിൽപൂ.

അവിടെത്തുടങ്ങുന്നു നിൻ പരിണാമങ്ങൾ,
ശിശു–ബാല–കുമാര–യുവാവായി നില്ക്കവേ,
നീ പോലുമറിയാതെ നിന്നെത്തലോടുന്നോ–
രേകൻ ദൈവമെന്നറിയുന്നില്ലേ നീ?

ലോകമാം വാരിധിയിൽ ആടിയുലയുന്നു;
സത്യമോ മിഥ്യയോയെന്തെന്നറിയാതെ,
നിന്നെയകറ്റും നിൻ സുഹൃദ്വലയങ്ങൾ,
എകാന്തതയിൽ കഴിയും നിൻ നിമിഷങ്ങൾ,

ആണിപ്പാടുള്ള തൻ കരങ്ങൾ നീട്ടി,
നിന്നെ മാറോടണയ്ക്കാനായി കാത്തുനില്പൂ.
ഈറനണിഞ്ഞൊരാമിഴികളുമായി, താതൻ
നിന്നെയും നോക്കി കാത്തുനിൽപൂ.

ഹാ കഷ്ടം അറിയുന്നില്ല നീ, നിൻ
പാപയാഗമായ്ത്തീർന്നൊരാ മർത്യനെ
‘അഹം’എന്ന ചിന്തയകറ്റി നീയന്യരെ–
നിന്നെപ്പോൽ സ്നേഹിക്കാൻ മറന്നീടല്ലേ.

ഉണരുക മർത്യാ, നിന്നാത്മാവിൽ നീ
നിന്റെ ചിറകുകൾ മെല്ലെ വിടർത്തീടുക
ശേഷിച്ച കാലം, താതന്നായർപ്പിക്ക
നിൻ ജീവിതം ധന്യമായ്ത്തീർത്തിടുക.



## MR.ALIAS DANAHA(A054) MOBILE NO: 34131629

In Bahrain:-
Flat 24, Bldg 3269, Road 2150, Gudabiya
Area :- Gudabiya
In India:
Kottackal House, Angamaly South P.O, Chempanoor
Ernakulam, Kerala Tel: 0484-3208416
Home Parish: St.Mary's Sunooro Cathedral, Angamaly
Diocese: Angamaly



## ABEY MATHEW(A055)MOBILE NO: 39945143

In Bahrain:-
Flat 21, Bldg 1577, Road 227, Sh. Hamad Road.
Area :- Sh. Hamad Road.
In India:
Punnamthannathu House, Malam P.O, Kottyam
Kerala.Tel: 0481-2371483
Home Parish: St.Mary's Cathedral, Manarcadu
Diocese: Kottayam.



## MR.BABU C. PATHROSE (B095)MOBILE NO: 38346163

In Bahrain:-
Flat 11, Bldg 621, Road 1218, Salmania.
Area :- Salmania.
In India:
Chennakkattu House, kolenchery P.O, Ernakulam
Kerala, Tel: 0484-2762273
Home Parish: St.Peter's J.S.O Church, Kolenchery
Diocese: Kandandadu.



## JEBI P. KURIAKOSE(J085) MOBILE NO: 34068282

In Bahrain:-
Flat 12, Bldg 4176, Road 2161, Block 321, Gudabiya.
Area :- Gudabiya.
In India:
Palakkathadathil House, Velloor P.O, Pampady
Kerala, Tel: 0481-2502546
Home Parish: St.Mary's J.S.O Church, Areepparampu, Kottayam
Diocese: Kottayam.



## MR. KURIAKOSE K.MATHEW (KO19) MOBILE NO: 39341250

In Bahrain:-
Flat 21, Bldg 360, Road 336, Lulu Avenue, Manama.
Area :- Manama.
In India:
Kavumgumpallil house, Payam p.o.Kannur
Kerala, Tel: 0490-2454293
Home Parish: St.George Jacobite Syrian Church, Kallara
Diocese: Kozhikode.



## LITHIN T. MANCHAYIL(LO14) MOBILE NO: 39687169

In Bahrain:-
Flat 12, Bldg 4176, Road 2161, Block 321, Gudabiya.
Area :- Gudabiya.
In India:
Manchayil House, Parippu P.O, Kottayam
Kerala.Tel: 9496375272
Home Parish: St.John's J.S.O Church, Kottayam
Diocese: Kottayam



## ROBIN THOMAS (R051) MOBILE NO: 33269256

In Bahrain:-
Flat 12, Bldg 4176, Road 2161, Block 321, Gudabiya.
Area :- Gudabiya.
In India:
Akkarakunnel House, Malam P.O, Kottayam
Kerala.
Home Parish: St.Mary's Cathedral, Manarcadu.
Diocese: Kottayam



## MR.RAIJI GEORGE(R052) MOBILE NO: 38829142

In Bahrain:-
Flat 21, Bldg 668, Road 1123, Block 311, Salmaniya.
Area :- Salmaniya.
In India:
Edayanal House, Pazhamthottam P.O, Ernakulam
Kerala. Tel: 0484-2731156
Home Parish: St.Mary's J.S.O Church, Pazhamthottam
Diocese: Angamaly



## MR.SANU VARGHESE K. MATHEW(S113) MOBILE NO: 38386080

In Bahrain:-
Bldg 2509, Road 855, Block 608, Wadayan.
Area :- Sitra.
In India:
Kavumgumpally House, Payam P.O, Edoor, Kannur
Kerala.Tel: 0490-2454293
Home Parish: St.George J.S.O Church, Kallara
Diocese: Kozhikode.



## MR.WILLIAM JACKSON (W003) MOBILE NO: 39932034

In Bahrain:-
Flat 12, Bldg 898, Road 533, Block 405, Tashan
Area :- Tashan
In India:
Puthukunnath House, Manglam Dam P.O, Palakkad
Kerala, Tel: 0492-2262443
Home Parish: St.Mary's J.S.O Church, Mangalam Dam
Diocese: Trissur